## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 678.

03.11.2016 -ലെ മറുപടിക്ക്.

## ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ടി. ബൽറാം**<br>**ശ്രീ.സണ്ണി ജോസഫ്**<br>**ശ്രീ.ഷാഫി പറമ്പിൽ**<br>**ശ്രീ.ഹൈബി ഈഡൻ** | **ശ്രീ. ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; | (എ) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേയ്ക്കായി എല്ലാ ബോർഡുകളിലും കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഓരോ ക്ഷേമനിധിയിലെയും അംഗങ്ങളുടെ വ്യക്തിഗത വിവരങ്ങൾ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം മുഖേന ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ക്ഷേമനിധി അംശദായം നേരിട്ട് ഓഫീസുകളിലെത്തി അടയ്ക്കുന്നത് കൂടാതെ എൻ.ഇ.എഫ്.ടി. (നാഷണൽ ഇലക്ട്രോണിക് ഫണ്ട്സ് ട്രാൻസ്ഫർ) സൗകര്യമുള്ള ബാങ്കുകൾ വഴിയും അടയ്ക്കുന്നതിനുള്ള സൗകര്യം ഒരുക്കി വരുന്നു. ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങൾ വഴി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പെൻഷൻ ഉൾപ്പെടെയുള്ള എല്ലാവിധ ആനുകൂല്യങ്ങളും ബാങ്ക് വഴി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആനുകൂല്യ വിതരണവും, ആനുകൂല്യ അപേക്ഷകളുടെ തീർപ്പാക്കലും, അംശദായം ഒടുക്കുന്നതും മറ്റും എസ്.എം.എസ്. വഴി തൊഴിലാളികളെ അറിയിക്കുന്നതിനുള്ള |

| | |
|---|---|
| | നടപടികൾ സ്വീകരിച്ചു. സമാന സ്വഭാവമുള്ള ബോർഡുകളും സ്കീമുകളും ഏകീകരിക്കുന്നതു വഴി സർക്കാർ പ്രഖ്യാപിക്കുന്ന ക്ഷേമപദ്ധതികൾ എല്ലാ അംഗങ്ങളിലേയ്ക്കും ത്വരിതഗതിയിൽ എത്തിക്കുന്നതിനും എല്ലാ വിഭാഗം തൊഴിലാളികൾക്കും മിനിമം ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിനും, ഭരണചെലവു കുറയ്ക്കുന്നതിനും സാധിക്കും എന്നതിനാൽ വിവിധ ക്ഷേമനിധി ബോർഡുകളെ ഏകീകരിക്കുന്ന വിഷയം സർക്കാർ പരിഗണിച്ചുവരുന്നു. എല്ലാ ക്ഷേമനിധി ബോർഡുകളിലും പെൻഷൻ തുക നിലവിൽ 600/- രൂപയിൽ നിന്നും 1000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ രജിസ്ട്രേഷൻ, അംശദായം, ആനുകൂല്യ വിതരണം, പെൻഷൻ എന്നിവ പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം ആധുനികവത്കരണമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) എല്ലാ ക്ഷേമനിധി ബോർഡുകളിലും കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ക്ഷേമനിധിബോർഡുകളിലെ അംഗങ്ങളുടെ രജിസ്ട്രേഷൻ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. അംശദായം നേരിട്ട് ഓഫീസുകളിലെത്തി അടയ്ക്കുന്നതിനു പുറമെ എൻ.ഇ.എഫ്.ടി. സൗകര്യമുള്ള ബാങ്ക് വഴി അടയ്ക്കുന്നതിനുള്ള സൗകര്യം ഒരുക്കി വരുന്നു. ആനുകൂല്യ അപേക്ഷകളുടെ തീർപ്പാക്കലും, അംശദായം ഒടുക്കുന്നതും മറ്റും എസ്.എം.എസ്. വഴി തൊഴിലാളികളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പെൻഷൻ ഉൾപ്പെടെയുള്ള എല്ലാവിധ ആനുകൂല്യങ്ങളും ബാങ്ക് വഴി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) ഇതിനുവേണ്ടി പുതുതായി സോഫ്റ്റ് വെയർ വികസിപ്പിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം? | (സി) ക്ഷേമനിധി ബോർഡുകളിൽ ഡിജിറ്റലൈസേഷന് വേണ്ടി അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം എന്ന സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ട്. നാളിതുവരെ സോഫ്റ്റ് വെയർ നിർമ്മിക്കാത്ത ബോർഡുകളിൽ സോഫ്റ്റ് വെയർ നിർമ്മിച്ച് |

പുതിയ സാങ്കേതിക വിദ്യയുടെ സഹായത്തോടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന വിഷയം സർക്കാർ പരിഗണിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**